പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 398 20.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ. എ.കെ. ശശീന്ദ്രൻ |
| " കെ.സി.ജോസഫ് | (ഗതാഗത വകുപ്പ് മന്ത്രി) |
| " വി.ഡി.സതീശൻ | |
| " അൻവർ പ്രകാശ് | |

| | | | |
|---|---|---|---|
| (എ) | 2018 കെ.എസ്.ആർ.ടി.സി യുടെ പുനരുദ്ധാരണ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | 2018-19 കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ വർഷമായിരിക്കുമെന്ന് 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി -യെ രക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പ് വർഷം ആവിഷ്കരിക്കുന്നത്; | (ബി) | കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സിയുടെ പ്രശ്നങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ട. പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും, അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. 3350 കോടിയുടെ കൺസോർഷ്യം വായ്പ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തിക പുനഃക്രമീകരണം നടപ്പിലായാൽ കെ.എസ്.ആർ.ടി.സിയ്ക്ക് വായ്പ തിരിച്ചടവിനത്തിൽ 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ |

| | | | |
|---|---|---|---|
| | | | നിയമിച്ച വരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവീസ് ഓപറേഷൻ മേഖലയിൽ നടത്തി വരുന്നു. പെൻഷൻ കുടിശിക നൽകുന്നതിന് സംഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കി വരുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സിയുടെ അധീനതയിലുള്ള ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ച പ്രവർത്തിപ്പിക്കുന്നതിനും, വാണിജ്യ സമുച്ചയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന ഹാളുകളിൽ മൾട്ടി പ്ലക്സ് സിനിമാശാലകൾ സ്ഥാപ്പിച്ച പ്രവർത്തിപ്പിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3500 കോടി രൂപയുടെ ദീർഘകാല വായ്പ ലഭ്യമാക്കുന്ന നടപടി ഏതുഘട്ടത്തിലാണ്; | (സി) യും (ഡി) യും | ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3350 കോടി രൂപയുടെ ദീർഘകാല വായ്പ ലഭ്യമാക്കുന്ന നടപടി പുരോഗമിക്കുന്നു. ബാങ്കുകളുടെ കൺസോർഷ്യം 9% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3350 കോടി രൂപ അനുവദിക്കാമെന്ന് തത്വത്തിൽ സമ്മതിച്ച് കഴിഞ്ഞു. ഇത് യാഥാർത്ഥ്യമായാൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ മിച്ചം പിടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഇതിന്റെ പലിശ നിരക്ക് എത്ര ശതമാനമാണ്;തിരിച്ചടവ് എത്ര വർഷമാണ്; ഇതിലൂടെ എത്ര കോടി രൂപ പലിശയിനത്തിൽ ലാഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | | |
| (ഇ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഇതിനകം എത്ര ബസുകൾ നിരത്തിലിറക്കി;വ്യക്തമാക്കുമോ? | (ഇ) | 900 ഡീസൽ ബസ്സുകൾ വാങ്ങുവാൻ 324 കോടി രൂപ കിഫ്ബിയിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ചിട്ടുണ്ട്. ബസുകൾ നിരത്തിൽ ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |

**സെക്ഷൻ ഓഫീസർ**